II.ഇ.ബി. XII--കേരള നിയമസഭ/V-12

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ–സംഗ്രഹം**

2007 ജൂലൈ 11, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

85 (*391) നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള അക്കാദമിക് പരിപാടികൾ, പദ്ധതികൾ എന്നിവയുടെ കാലാകാലങ്ങളിലുള്ള വിലയിരുത്തലും അക്രഡിറ്റേഷനും ക്രമീകരിക്കുക, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗുണനിലവാരമുള്ള അദ്ധ്യാപനം, അദ്ധ്യയനം, ഗവേഷണം എന്നിവ പ്രോൽസാഹിപ്പിക്കുന്ന തിനാവശ്യമായ സാഹചര്യം വർദ്ധിപ്പിക്കുക, ഈ സ്ഥാപനങ്ങളുടെ സ്വയം വിലയിരുത്തൽ, അക്കൗണ്ടബിലിറ്റി, സ്വയംഭരണം, നൂതനമായ പരിപാടികൾ എന്നിവ പ്രോൽസാഹിപ്പിക്കുക, ഗുണമേന്മയുള്ള വിദ്യാഭ്യാസ നിലവാരവുമായി ബന്ധപ്പെട്ട ഗവേഷണപഠനങ്ങൾ, വിദഗ്ദ്ധ സേവനം, പരിശീലന പരിപാടികൾ എന്നിവ ഏറ്റെടുക്കുക, ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം വിലയിരുത്തുന്നതിനും ഉയർത്തുന്നതിനും നിലനിർത്തുന്നതിനും ഉള്ള സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുക

എന്നിവയാണ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി 'നാക്ക്' (നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ) സ്വീകരിച്ചിട്ടുള്ള നടപടികളെന്ന് സഭയെ അറിയിച്ചു. 18 സർക്കാർ കോളേജുകളും 129 എയ്ഡഡ് കോളേജുകളും 2 അൺ എയ്ഡഡ് കോളേജുകളും എം.ജി. യൂണിവേഴ്സിറ്റിക്കു കീഴിലുള്ള സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസും ഉൾപ്പെടെ സംസ്ഥാനത്ത് 150 കോളേജുകൾക്ക് 'നാക്ക്' ന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. പാഠ്യപദ്ധതി, അദ്ധ്യാപനവും പഠനവും വിലയിരുത്തൽ, ഗവേഷണവും വിദഗ്ദ്ധ ഉപദേശവും വിപുലീകരിക്കൽ, ഭൗതിക പഠനസൗകര്യങ്ങളുടെ ലഭ്യത, വിദ്യാർത്ഥികളുടെ പിന്തുണ, അഭിവൃദ്ധി, ഭരണനിർവ്വഹണം, നേതൃത്വ പ്രവർത്തനങ്ങൾ, നൂതനമായ സമ്പ്രദായങ്ങൾ എന്നീ മാനദണ്ഡങ്ങളനുസരിച്ചാണ് കോളേജുകളുടെ അക്രഡിറ്റേഷൻ നിശ്ചയിക്കുന്നത്. ഓരോ മാനദണ്ഡത്തിനും മൂന്ന് മുതൽ ആറ് വരെ പ്രധാന ഘടകങ്ങളെടുത്ത് വെയിറ്റേജ് നൽകി അതിന്റെ അടിസ്ഥാനത്തിലാണ് സ്കോർ നൽകുന്നത്. 'നാക്ക്' അക്രഡിറ്റേഷൻ ലഭിച്ച കോളേജുകൾക്ക് യു.ജി.സി.യിൽ നിന്ന് പ്രത്യേക സാമ്പത്തിക സഹായത്തിന് മുൻതൂക്കം ലഭിക്കുന്നതു കൂടാതെ സെമിനാർ, ശിൽപ്പശാല മുതലായവ നടത്തുവാനുള്ള സാമ്പത്തിക സഹായവും ലഭിക്കുന്നു. എല്ലാ സർക്കാർ കോളേജുകൾക്കും 'നാക്ക്' ന്റെ അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 'നാക്ക്' ന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള ഒരു കമ്മിറ്റി

നിലവിലുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സംഘടിതവും ആസൂത്രിതവും ആയിട്ടുള്ള ശ്രമം ആവശ്യമുണ്ടെന്ന് കണ്ടതുകൊണ്ട് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ചിട്ടുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ യോഗം ചേർന്ന് വിദ്യാഭ്യാസത്തിന്റെ കരിക്കുലവും മറ്റും പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ വിപുലമായ രീതിയിൽ 'നാക്ക്' ന്റെ പരിശോധന നടക്കുന്നതായി അറിവില്ലെന്നും രണ്ട് അൺഎയ്ഡഡ് അധ്യാപക പരിശീലന സ്ഥാപനങ്ങൾക്ക് 'നാക്ക്' ന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അക്രഡിറ്റേഷൻ നൽകുന്നതിൽ പിൻതുടർന്നുവന്ന സമീപനങ്ങളിൽ ഈ വർഷം വരുത്തിയ മാറ്റമനുസരിച്ച് 'നാക്ക്' തയ്യാറാക്കിയ ചോദ്യാവലിയിലെ ചോദ്യങ്ങൾക്ക് ഒരു സ്ഥാപനത്തിന്റെ പൊതു അവസ്ഥ സംബന്ധിച്ച് നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രതിനിധികൾ പരിശോധന നടത്തി അംഗീകാരം നൽകുന്നത്. 'നാക്ക്' അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് മാത്രമല്ല പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ടി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെയും മറ്റും പരിശോധന സംബന്ധിച്ചും പരാതികൾ ഉയർന്നുവന്നിട്ടുണ്ടെന്നും ഇതൊഴിവാക്കാൻ എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ചും ഗവണ്മെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. 'നാക്ക്' ന്റെ അക്രഡിറ്റേഷൻ കൊടുക്കുന്നതിനു പകരം

അക്രഡിറ്റേഷൻ കൊടുത്തശേഷം നിലവാരം തുടർന്ന് പുലർത്തുന്നുണ്ടോയെന്നറിയാൻ മിന്നൽ പരിശോധന നടത്തുന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ് ഗവണ്മെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും നിലനിൽക്കുന്ന അൺ എയ്ഡഡ് കോഴ്സുകൾ ഘട്ടംഘട്ടമായി പുന:സംവിധാനം ചെയ്യാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പല അഫിലിയേറ്റഡ് കോളേജുകളിലും മറ്റ് യൂണിവേഴ്സിറ്റികളുടെ സ്വാശ്രയകോഴ്സുകൾ നടത്തി വലിയ ഫീസ് ഈടാക്കുന്നതുസംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന ചോദ്യത്തിന് അത്തരത്തിൽ ചില പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിക്കാമെന്ന് ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുക യാണെന്നും മന്ത്രി മറുപടി നൽകി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ലൈബ്രറി, ലബോറട്ടറി തുടങ്ങിയവ ഉപയോഗപ്പെടുത്തി ഫാക്കൽറ്റി വർദ്ധിപ്പിക്കാനും സ്ഥിരം അദ്ധ്യാപകരുടെ ക്ഷാമം പരിഹരിക്കാനും ഗവണ്മെന്റ് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. നയപരമായ പ്രശ്നമാണെങ്കിലും കേരളത്തിൽ ആട്ടോണമസ് കോളേജ് ആരംഭിക്കുന്നതു സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ അറിയിക്കുകയും അവരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും ചെയ്യും. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരമുള്ള കോളേജുകളിൽ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന അർഹതപ്പെട്ട ആനുകൂല്യം തുടർന്നും ലഭിക്കുന്നതു സംബന്ധിച്ച് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതാണെന്നും ഗവണ്മെന്റ്

കോളേജുകളേയും സ്വകാര്യ കോളേജുകളേയും രണ്ട് കാറ്റഗറിയായി തിരിച്ച് 'നാക്ക്' ന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കുന്ന കാര്യം പ്രായോഗിക മാണോ എന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നും ഉപചോദ്യങ്ങൾ ക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

86 (*392) <u>മധ്യവേനലവധിക്കുപകരം ജൂൺ-ജൂലൈ മാസങ്ങളിൽ അവധി നൽകാൻ നടപടി</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്കൂളുകളിൽ ഇപ്പോൾ നിലനിൽക്കുന്ന ഏപ്രിൽ-മേയ് മാസങ്ങളിലെ മധ്യവേനൽ അവധി സംപ്രദായം 4.6.1971 മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് സഭയെ അറിയിച്ചു. പ്രസ്തുത മാസങ്ങളിലെ കടുത്ത വേനലാണ് ഇപ്രകാരം അവധി ക്രമീകരിക്കാനുള്ള കാരണം. ഇതിൽനിന്നു വ്യത്യസ്തമായി 1970-71 അദ്ധ്യയന വർഷത്തിൽ ഏപ്രിലിലും ജൂലൈയിലുമായി രണ്ട് ഘട്ടങ്ങളിൽ അവധി നൽകിയെങ്കിലും പിന്നീട് അത് അവസാനിപ്പിക്കുകയാണ് ചെയ്തത്. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VIII ചട്ടം 3 പ്രകാരം, രാവിലത്തെ സെഷനിലും ഉച്ചയ്ക്ക് ശേഷമുള്ള സെഷനിലുമായി ആകെ അഞ്ച് മണിക്കൂർ പ്രവൃത്തിസമയമാണ് സ്കൂളുകളിൽ നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ച് രാവിലെ 10 മണി മുതലാണ് പഠനം ആരംഭിക്കുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി പകർച്ചപ്പനിയും കാലവർഷക്കെടുതിയും കാരണം ജൂൺ ജൂലൈ മാസങ്ങളിൽ കുറച്ച് ദിവസങ്ങളിൽ ക്ളാസ്സുകൾ യഥാസമയം നടക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ അദ്ധ്യാപക രക്ഷാകർതൃ സമിതിയുമായി സഹകരിച്ചുകൊണ്ട് ഗവണ്മെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും കൂടുതൽ കുട്ടികളെ ആകർഷിക്കാൻ കഴിയുന്ന

സാഹചര്യം സൃഷ്ടിക്കാൻ പരിശ്രമം ആരംഭിച്ചതുവഴി പ്രീപ്രൈമറി തലത്തിൽ നല്ല പ്രതികരണം ഉണ്ടായിട്ടുണ്ട്. സ്കൂളുകൾക്ക് ജില്ലാ കളക്ടർ അവധി പ്രഖ്യാപിക്കുമ്പോൾ അദ്ധ്യാപകർ നിർബന്ധമായും ഹാജരാകണമെന്ന വ്യവസ്ഥ മാറ്റി മുൻകൂട്ടി നിശ്ചയിച്ച പ്രത്യേക ആവശ്യങ്ങളില്ലെങ്കിൽ അധ്യാപകർ ഹാജരാകണമെന്ന് നിർബന്ധിക്കേണ്ടതില്ലെന്നുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിൽ അസംബ്ളി വെയിലത്തു നടത്തുന്നത് മാറ്റുന്നതുസംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മിഷൻ നൽകിയ വ്യക്തമായ നിർദ്ദേശം പാലിക്കപ്പെടേണ്ടതാണ്. പ്ളസ് ടു കോഴ്സുകളും ഡിഗ്രി കോഴ്സുകളും തുടങ്ങുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനെസംബന്ധിച്ച് പരിശോധിക്കുന്നതാണ് ഗവണ്മെന്റിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സ്കൂളുകളിൽ ഷിഫ്റ്റ് സംപ്രദായം നിർത്തലാക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കുന്നതാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകത്തക്കവിധത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നകാര്യം വ്യത്യസ്ത സംഘടനകളും മാനേജ്മെന്റ് ഉൾപ്പെടെയുള്ള വിഭാഗവുമായും ആശയവിനിമയം നടത്തിക്കൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. അധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പുതന്നെ വിദ്യാഭ്യാസ വകുപ്പ് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിടങ്ങളുടെ മെയിന്റനൻസ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം കുറ്റമറ്റതാക്കാൻ ശ്രമിക്കുന്നതാണെന്ന് ഉപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

87 (*393) <u>ഹാരിസൺ പ്ളാന്റേഷന്റെ  പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി</u>

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലായി 59623 ഏക്കർ ഭൂമി കൈവശം വച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിൽ സർക്കാർ പാട്ടഭൂമിയും കമ്പനിയുടെ സ്വന്തം ഭൂമിയും മിച്ചഭൂമിയും വനഭൂമിയും ഉൾപ്പെടുന്നു. കമ്പനി പാട്ടവ്യവസ്ഥകൾ  ലംഘിക്കുന്നുവെന്നും കമ്പനിയുടെ പാട്ടവ്യവസ്ഥയെ സംബന്ധിച്ചും പാട്ടഭൂമി വ്യാപകമായി കൈമാറ്റം ചെയ്യുന്നുവെന്നുമുള്ള ആരോപണങ്ങളുടെയും പത്രവാർത്തകളുടെയും അടിസ്ഥാനത്തിൽ ഹാരിസന്റെ  കൈവശത്തിലുള്ള ഭൂമിയെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട്  സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ എന്നിവരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായി സർക്കാർ  ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.. കമ്പനിക്ക് നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടക്കാലാവധി/പാട്ടവ്യവസ്ഥകൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ, കമ്പനി പാട്ട വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ, പാട്ടത്തുക  അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ, കമ്പനി നടത്തിയിട്ടുള്ള ഭൂമി കൈമാറ്റം സാധ്യതയുള്ളതാണോ, കമ്പനിയുടെ കൈവശം  8783.96 ഏക്കർ മിച്ചഭൂമി വന്നതെങ്ങനെ, റവന്യൂ/വനം/മറ്റ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ, ഇതിൽ റവന്യൂ ഉദ്യോഗസ്ഥരുടെ പങ്ക്,  തുടങ്ങിയ വിഷയങ്ങളാണ് ഉന്നതതല കമ്മിറ്റിയുടെ അന്വേഷണപരിധിയിൽ വരുന്നത്.  ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുമായി ബന്ധപ്പെട്ട് വിവിധ കേസുകൾ കേരള

ഹൈക്കോടതിയിലുണ്ട്. കൈയേറിയ ഗവണ്മെന്റ് ഭൂമി തിരിച്ചു പിടിക്കുന്നതിന് 2005-ൽ യു.ഡി.എഫ്. ഗവണ്മെന്റ് നിയോഗിച്ച കമ്മിറ്റി, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ട്രെങ്ത്തെൻ ചെയ്ത് വിവരങ്ങൾ ശേഖരിച്ചുവരുന്നു. തൃശൂർ ജില്ലയിൽ അനധികൃതമായി കൈയേറിയ ഭൂമി ഗവണ്മെന്റ് തിരിച്ചുപിടിച്ചതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നടന്നുവരുന്നു തിരുവനന്തപുരം, പൊന്മുടി, വിഴിഞ്ഞം തുടങ്ങിയ സ്ഥലങ്ങളിലും കൈയേറിയ ഗവണ്മെന്റ് ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പാട്ട വ്യവസ്ഥ ലംഘിച്ച് കൈയേറിയ ഗവണ്മെന്റ് ഭൂമി മുഴുവനും തിരിച്ചുപിടിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുക എന്നുള്ളതാണ് ഗവണ്മെന്റിന്റെ നയമെന്നും ആ നയവുമായി ഗവണ്മെന്റ് മുന്നോട്ടുപോകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

88 (*395) ഹെൽത്ത് ക്ളിനിക്കുകൾ

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സർക്കാർ ആശുപത്രികളോട് ചേർന്ന് ഹെൽത്ത് ക്ളിനിക്കുകൾ ആരംഭിക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടെന്നറിയിച്ചു. ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ജില്ലാ ആശുപത്രികളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ സഹകരണ ക്ളിനിക്കൽ ലബോറട്ടറികൾ സ്ഥാപിക്കാനുള്ള പദ്ധതിയുണ്ട്. രക്ത പരിശോധന, ഇ.സി.ജി, എക്സ്റേ -സ്കാനിംഗ് തുടങ്ങിയ പരിശോധനകൾ ബി.പി.എൽ. വിഭാഗത്തിന് സൗജന്യ

നിരക്കിലും എ.പി.എൽ.വിഭാഗത്തിന് ചുരുങ്ങിയ ചെലവിലും നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

89 (*402) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 1968-ലെ പുരാവസ്തു സംരക്ഷണ നിയമമനുസരിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ശാസ്ത്രീയ പര്യവേഷണം നടത്തുന്നതിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ ഉദ്ഖനനങ്ങൾ നടത്തുക, ചരിത്ര പുരാവസ്തു-വാസ്തുശിൽപ കെട്ടിടങ്ങൾ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് സംരക്ഷണം നൽകി നിലനിർത്തുക, ചുവർചിത്രങ്ങളുടേയും മറ്റ് പ്രാചീന വസ്തുക്കളുടേയും സംരക്ഷണം, നാണയപഠനം, ശിലാലിഖിത പഠനം എന്നിവയാണ് പുരാവസ്തു വകുപ്പ് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്നറിയിച്ചു.

90 (*404) സഹകരണ ബാങ്കുകൾ നൽകുന്ന ഇൻകംടാക്സ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ലാഭത്തിന്റെ മുപ്പത് ശതമാനം ഇൻകംടാക്സ് നൽകണമെന്ന വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും ഈ ബാങ്കുകൾ ഇതിനകം 8,90,67,772 രൂപ ഇൻകംടാക്സ് ഇനത്തിൽ നൽകിയിട്ടുണ്ടെന്നും അറിയിച്ചു

91 (*405) കേരള സ്റ്റേറ്റ് നിയമസഹായ അതോറിറ്റിയുടെ ലോക് അദാലത്തുകൾ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തികച്ചും ചെലവ്

കുറഞ്ഞ തർക്കങ്ങൾ വേഗത്തിൽ തീർപ്പാക്കാൻ കഴിയുന്ന ഫലപ്രദ സംവിധാനമായ ലോക് അദാലത്ത് വഴി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 51129 കേസുകൾ ഒത്തുതീർപ്പായിട്ടുണ്ടെന്നറിയിച്ചു. തിരുവനന്തപുരം ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള സ്ഥിരം ലോക് അദാലത്തിന്റെ അധികാര പരിധിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളാണ് വരുന്നത്.

92 (*411) <u>വായ്പാ പദ്ധതി</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, റിവേഴ്സ് മോർട്ട്ഗേജ് ലോൺ, വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാ പദ്ധതി എന്നീ രണ്ട് വായ്പാ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം സംസ്ഥാന സഹകരണ ബാങ്കിന്റെ 2007-2008 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നറിയിച്ചു

93 (*413) <u>സാക്ഷരതാ പ്രവർത്തനങ്ങൾ</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത മുതിർന്ന പൗരന്മാരെ പ്രാഥമികതലത്തിന് തുല്യമാക്കുന്ന തുല്യതാ പരിപാടി, 10-ാംതരം 'O' ലെവൽ 'A' ലെവൽ പരീക്ഷകൾ, വരുമാനവർദ്ധക പരിപാടികൾ ജീവിത ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ, ഊർജ്ജിത സാക്ഷരതാ പരിപാടി, സമ്പൂർണ്ണ ബ്രെയിൽ സാക്ഷരതാ പരിപാടി, കമ്പ്യൂട്ടർ സാക്ഷരത എന്നിങ്ങനെ പൊതുജന സമൂഹ പുരോഗതിക്കും അവരുടെ ശാക്തീകരണം കൈവരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവിധപരിപാടികൾ സാക്ഷരതാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നറിയിച്ചു.

തുടർവിദ്യാഭ്യാസ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

148 (3041) 'ഓപ്പറേഷൻ ഒളിമ്പ്യ'

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ സ്കൂൾ കുട്ടികൾക്ക് അതാത് പ്രദേശത്ത് പ്രചാരമുള്ള കായിക ഇനങ്ങളിൽ വേണ്ട പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 1991-ൽ കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ വിഭാവനം ചെയ്ത 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി തിരുവനന്തപുരം ജില്ലയിലെ കരകുളം, വട്ടപ്പാറ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കാര്യക്ഷമമായി നടത്തിവരുന്നു.

149 (3163) അമ്പതാം വാർഷിക ആഘോഷ ചെലവ്

കേരള സർക്കാരിന്റെ അമ്പതാം വാർഷികം ആഘോഷിച്ചതിന് വിവിധ ജില്ലകളിൽ ചെലവായ തുക ചുവടെ ചേർക്കുന്നു:

| ജില്ല | ചെലവായ തുക (രൂപ) |
|---|---|
| കോട്ടയം | 10,000 |
| കണ്ണൂർ | 59,483 |
| കോഴിക്കോട് | 19,353 |
| ആലപ്പുഴ | 1,00,000 |
| വയനാട് | 25,000 |
| പാലക്കാട് | 27,500 |
| കൊല്ലം | 18,000 |
| എറണാകുളം | 91,779 |
| കാസർഗോഡ് | 20,793 |

ഇതിനുപുറമെ എല്ലാ ജില്ലകളിലും ചരിത്രരേഖാ പ്രദർശനങ്ങൾ നടത്തിയ ഇനത്തിൽ 3,60,000 രൂപ പുരാരേഖാ വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.

150 (3165) സർക്കസ് കലാകാരന്മാർക്ക് ആനുകൂല്യങ്ങൾ

കേരളത്തിലെ അവശതയനുഭവിക്കുന്നവരും 750 രൂപയിൽ കുറഞ്ഞ മാസവരുമാനം ഉള്ളവരും 15 വർഷം സർക്കസ് കമ്പനിയിൽ ജോലി നോക്കിയവരുമായ 45 വയസ്സിൽ കൂടുതലുള്ള പുരുഷന്മാർക്കും 35 വയസ്സിൽ കൂടുതലുള്ള സ്ത്രീകൾക്കും പ്രതിമാസം 500 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നുണ്ട്.

151 (3248) പിരിച്ചുവിടപ്പെട്ട ഭരണസമിതികൾ

ഈ ഗവണ്മെന്റ് നിലവിൽ വന്നതിനുശേഷം 23 സഹകരണ സംഘങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിട്ടിട്ടുണ്ട്.

152 (3252) സഹകരണ മേഖലയിൽ ഉന്നതവിദ്യാഭ്യാസം

ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ 5 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മെഡിക്കൽ കോളേജും അതിനോടനുബന്ധിച്ച് ഒരു നഴ്സിംഗ് സ്കൂളും പ്രവർത്തിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ളക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള അക്കാഡമി ഓഫ് മെഡിക്കൽ സയൻസിന്റെ കീഴിൽ പരിയാരം മെഡിക്കൽ കോളേജ്, നഴ്സിംഗ് കോളേജ്, നഴ്സിംഗ് സ്കൂൾ, ദന്തൽ കോളേജ്, അക്കാഡമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് എന്നീ സ്ഥാപനങ്ങളിലായി എം.ബി.ബി.എസ്., എം.ഡി., എം.എസ്.ഡിപ്ളോമ ബി.ഫാം, ബി.എസ്.സി.നഴ്സിംഗ് ബി.ഡി.എസ്. എന്നീ കോഴ്സുകളും നടത്തിവരുന്നു.

153 (3254) <u>കാർഷിക വായ്പയുടെ പലിശ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണബാങ്ക് മുഖേനയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് വയനാട്, കാസർഗോഡ്, പാലക്കാട്, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ 50,000 രൂപ വരെ 5.50 ശതമാനവും 50,001 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ 6 ശതമാനവും ഒരു ലക്ഷത്തിനുമുകളിൽ 3 ലക്ഷം രൂപ വരെ 7 ശതമാനവും മറ്റ് ജില്ലകളിൽ ഒരു ലക്ഷം രൂപ വരെ 5.50 ശതമാനവും ഒരു ലക്ഷത്തിനുമുകളിൽ 3 ലക്ഷംരൂപ വരെ 6 ശതമാനവുമാണ് പലിശനിരക്കുകൾ. കഴിഞ്ഞ 10 മാസങ്ങൾക്കുള്ളിൽ ഈയിനത്തിൽ 1860.314 കോടി രൂപ സഹകരണ ബാങ്കുകൾ കർഷകർക്ക് നൽകിയിട്ടുണ്ട്.

154 (3257) <u>ഒ.ടി.എസ്. പദ്ധതി</u>

സഹകരണ ബാങ്കുകൾ ഒ.ടി.എസ്. പദ്ധതി നടപ്പിലാക്കിയതുവഴി 2001 മുതൽ 31.3.2005 വരെ 148833 ലക്ഷം രൂപയുടെയും 27.2.2006 മുതൽ 31.3.2007 വരെ 89494.26 ലക്ഷം രൂപയുടെയും വായ്പ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്.

155 (3266) <u>ഓണച്ചന്തകൾ</u>

ഓണക്കാലത്ത് സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ വഴി 32 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് 2007 ജൂലൈ 20 മുതൽ ആഗസ്റ്റ് 31 വരെ ഓണച്ചന്തകൾ നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

156 (3271) <u>കയർ തൊഴിലാളികൾക്ക് മിനിമം കൂലി</u>

കയറുൽപ്പന്നങ്ങൾ വാങ്ങിയ വകയിൽ പ്രാദേശിക കയർ സംഘങ്ങൾക്ക് കയർഫെഡ് 30.6.2007 വരെ 76 ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്. പ്രസ്തുത കാലയളവിൽ സംസ്ഥാനത്താകെ 356.49 ലക്ഷം

രൂപയുടെ കയറും കയറുൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്നുണ്ട്. കയറിന്റെ ഉൽപ്പാദനച്ചെലവിനനുസരിച്ച് വില നിശ്ചയിക്കുന്നതിനായി 4-7-2007-ലെ സർക്കാർ ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുള്ള പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീമിൽ ഉൽപ്പന്നങ്ങളുടെ procurement price നിശ്ചയിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതും ഇതിന്റെ ഭാഗമായി മിനിമം കൂലി ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ചെയ്യുന്നതുമാണ്.